## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3660 — 10.04.2013-ലെ മറുപടിക്ക്

### ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിവിഹിതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എസ്.സലീഖ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം എത്ര കോടി രൂപയായിരുന്നു ; | എ) 2011-12 വർഷത്തെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ അധിക വിഹിതമുൾപ്പെടെ ഗ്രാമ പഞ്ചായത്തുകൾക്ക് 2012-13 വർഷം 1799.77 കോടി രൂപ വികസന ഫണ്ടിനത്തിൽ ലഭ്യമായിരുന്നു. |
| ബി) ആയതിൽ 2013 മാർച്ച് 31 വരെ എത്ര കോടി രൂപ ചെലവഴിച്ചു ; പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ആകെ ചെലവഴിച്ചത് ; | ബി) 370.19 കോടി രൂപ പ്രാരംഭബാക്കിയുൾപ്പെടെയുള്ള 2169.96 കോടി രൂപയിൽ 1587.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ വിഹിതത്തിന്റെ 73.15 ശതമാനമാണ്. |
| സി) പദ്ധതിവിഹിതം പൂർത്തീകരിക്കാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പണം ചെലവഴിക്കാൻ 2013-14 സാമ്പത്തിക വർഷം പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ ; | സി) ഗ്രാമ പഞ്ചായത്തുകൾക്ക് 2012-13 വർഷം ചെലവഴിക്കേണ്ട പദ്ധതി വിഹിതം 60 ശതമാനമാക്കി കുറവ് ചെയ്തിരുന്നു. അതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും 40 ശതമാനം പദ്ധതിവിഹിതം 2013-14 വർഷത്തേക്ക് ക്യാരിഓവർ ചെയ്ത് ചെലവഴിക്കാവുന്നതാണ്. |

(....2)

| | | | |
|---|---|---|---|
| ഡി) | എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്തൊക്കെയാണെന്നും 2013-14 സാമ്പത്തിക വർഷം, 2013 ലെ പദ്ധതി വിഹിതം ഏത് തീയതി വരെ ചെലവഴിക്കാമെന്നും വ്യക്തമാക്കുമോ ; | ഡി) | 2013-14 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്ന 40 ശതമാനം പദ്ധതി വിഹിതം സ്പിൽ ഓവർ പ്രോജക്ടുകളായി ഏപ്രിൽ 30-ന് മുമ്പ് നിർവ്വഹണം പൂർത്തിയാക്കാൻ 02.04.2013-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ ഫണ്ടനുവദിക്കാത്തതും അംഗീകാരം നൽകുന്നതിൽ വരുത്തിയ മാറ്റങ്ങളുമാണ് പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുവാൻ ഇടയാക്കിയത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; | ഇ) | പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ; | എഫ്) | ബാധകമല്ല. |
| ജി) | 2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിവിഹിതം എത്ര എന്ന് അറിയിക്കുമോ? | ജി) | 2013-14 വർഷത്തേക്കുള്ള വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം 217202.65 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ